# പൂർവ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷം : ഒരാൾ അറസ്റ്റിൽ

കാലടി ശ്രീ ശങ്കര കോളേജിൽ മാഗസിൻ പ്രകാശന ചടങ്ങിനിടെ പൂർവ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് നിരവധി കേസുകളിലെ പ്രതി പിടിയിൽ. പിരാരുർ മനയ്ക്കപ്പെടി ഭാഗത്ത് പുത്തൻകുടി വീട്ടിൽ ശരത്ത് ഗോപി (22) യെയാണ് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ ശരത്ത് ഗോപി കാലടി പോലീസ് സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ടയാളും നിരവധി ക്രിമിനൽ കേസ്സുകളിലെ പ്രതിയുമാണ്. കഴിഞ്ഞ ദിവസമാണ് പൂർവ്വ വിദ്യാർത്ഥികൾ ഏറ്റുമുട്ടിയത്. അന്വേഷണ സംഘത്തിൽ പെരുമ്പാവൂർ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ്, കാലടി ഇൻസ്പെക്ടർ ബി.സന്തോഷ് സബ്ബ് ഇൻസ്പെക്ടർമാരായ പ്രശാന്ത് പി നായർ, ജോണി, ദേവസ്സി എസ്.സി.പി.ഒ മാരായ അനിൽ കുമാർ, പ്രിൻസ് എന്നിവരാണ് ഉണ്ടായിരുന്നത്.